**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **27-06-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത മോഷണക്കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | 146 മോഷണ കേസുകൾ രജിസ്റ്റർ ചെയ്യുകയും 101 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ 2019-ൽ രജിസ്റ്റർ ചെയ്ത 13 കേസുകളിലെയും 2020-ൽ രജിസ്റ്റർ ചെയ്ത 17 കേസുകളിലെയും 2021-ൽ രജിസ്റ്റർ ചെയ്ത 14 കേസുകളിലെയും 2022-ൽ രജിസ്റ്റർ ചെയ്ത 18 കേസുകളിലെയും, കുമ്പള പോലീസ് സ്റ്റേഷനിൽ യഥാക്രമം 2019-ൽ 6 കേസുകളിലെയും, 2020-ൽ 3 കേസുകളിലെയും 2022-ൽ 7 കേസുകളിലെയും പ്രതികളെ പിടികൂടാനുണ്ട്. |
| (ബി) | പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ബി) | ഉത്തരം (A) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ നാളിതുവരെ പ്രതികളെ പിടികൂടാൻ കഴിയാത്ത മോഷണക്കേസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | ഉത്തരം (A) പിരിവിൽ ചേർത്തിരിക്കുന്നു. |
| (ഡി) | മോഷണങ്ങൾ തടയുന്നതിനും മോഷണ കേസുകളിൽ ഉൾപ്പെട്ട പ്രതികളെ പിടികൂടുന്നതിനും എന്തൊക്കെ നടപടികളാണ് പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ഡി) | മോഷണങ്ങൾ തടയുന്നതിനായി രാത്രികാലങ്ങളിൽ ആരാധനാലയങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ മറ്റ് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഊർജിതമായ പട്രോളിംഗ് നടത്തി വരികയും, സമാനരീതിയിൽ മോഷണം നടത്തുന്നവരെയും അടുത്ത കാലങ്ങളിൽ ജയിൽ മോചിതരായവരെയും നിരീക്ഷിച്ച് അവരുടെ നിലവിലെ അവസ്ഥ പരിശോധിച്ചും നടപടി സ്വീകരിച്ചു വരുന്നുണ്ട്. മോഷണ കേസുകളിൽ ഉൾപ്പെട്ട പ്രതികളെ പിടികൂടുന്നതിന്, മോഷണ വസ്തുക്കളെയും പ്രതികളെയും സംബന്ധിച്ച് ക്രൈം കാർഡുകൾ തയ്യാറാക്കി എല്ലാ സ്റ്റേഷനുകളിലേക്കും അയച്ചു കൊടുത്തും രാത്രികാല പരിശോധനയിൽ അപരിചിതരായ ആൾക്കാരെ കാണപ്പെട്ടാൽ അവരുടെ വിവരങ്ങൾ അന്വേഷിച്ചും കേരള- |

| | | | |
|---|---|---|---|
| | | | കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ പരിശോധന കർശനമാക്കിയും ജനമൈത്രി ബീറ്റ് ഓഫീസർമാരെ ഉപയോഗിച്ച് വിവര ശേഖരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം മോഷണ കേസുകൾ തടയുന്നതിനും അന്വേഷിക്കുന്നതിനുമായി അതാത് ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ക്രൈം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ